**പതിനഞ്ചാം കേരള നിയമസഭ**

**സബ്ജക്ട് കമ്മിറ്റി IX**
(SUBJECT COMMITTEE IX)

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)**

# 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2022 ജൂലൈ 13-ാം തീയതി സമർപ്പിച്ചത്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

LJ

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി IX**

**(SUBJECT COMMITTEE IX)**

**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)**

**(LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)**

**2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

770/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)
## (2021-23)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,
തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. കെ. രാജൻ,
റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി.

ശ്രീ. വി. അബ്ദുറഹിമാൻ,
കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീമതി കാനത്തിൽ ജമീല

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. കെ. പ്രശാന്ത്

ശ്രീ. റോജി എം. ജോൺ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ടി. ജെ. വിനോദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2021 ജൂലൈ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും രണ്ടാം ഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2022 ജൂൺ 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,

*അദ്ധ്യക്ഷൻ,*

*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,

2022 ജൂൺ, 30.

# റിപ്പോർട്ട്

<u>ഭാഗം 1</u>

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

**ശിപാർശ**

2216-05-053-98—<u>മറ്റ് സംരക്ഷണ ചെലവുകൾ</u>

17—<u>സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ സംരക്ഷണ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 1)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 1,05,73,312 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

2216-05-053-97—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

01—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

02—<u>പ്രത്യേക അറ്റകുറ്റപ്പണികൾ</u>

03—<u>വൈദ്യുത സാമഗ്രികളുടെ സംരക്ഷണം</u>

സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിൽ സംരക്ഷണവും അറ്റകുറ്റപ്പണികളും, പ്രത്യേക അറ്റകുറ്റപ്പണികൾ, വൈദ്യുത സാമഗ്രികളുടെ സംരക്ഷണം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 2)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ആകെ ചെലവായത് 24,00,81,722 രൂപയാണ്. ബഡ്ജറ്റ് വിഹിതത്തേക്കാൾ അധിക ചെലവായ 3,68,81,722 രൂപ ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

2216-05-053-95—തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

01—സാധാരണ അറ്റകുറ്റപ്പണികൾ

02—പ്രത്യേക അറ്റകുറ്റപ്പണികൾ

03—വൈദ്യുത സാമഗ്രികളുടെ സംരക്ഷണം

തിരുവനന്തപുരം നഗരത്തിലെ എല്ലാ മന്ത്രി മന്ദിരങ്ങളുടെയും അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 3)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ആകെ ചെലവായത് 1,29,48,615 രൂപയാണ്. ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികം ചെലവായ 48,615 രൂപ ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 4)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ആകെ ചെലവായത് 1,00,38,003 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

2216-80-001-99—ഹൗസിംഗ് കമ്മീഷണർ

ഹൗസിംഗ് കമ്മീഷണറുടെ ശമ്പളം 2021 മേയ് മുതൽ ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും കൊടുക്കേണ്ടതിനാലും ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാലും മേൽ ശീർഷകത്തിൽ 16.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 2216-80-001-99-01 ശീർഷകത്തിൽ 67,86,000 രൂപ വകയിരുത്തിയിട്ടുണ്ട്. ശമ്പളയിനത്തിൽ അപ്രോപ്രിയേഷൻ നിയന്ത്രണം ബാധകമല്ലാത്തതിനാൽ അധിക തുക അനുവദിക്കാതെ തന്നെ വകുപ്പുകൾക്ക് ചെലവുകൾ വഹിക്കാവുന്നതാണ്.

(സർക്കാർ കത്ത് നം. A3/85/2021-HSG തീയതി 21-1-2022)

**ശിപാർശ**

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

01—സഹായധനം

36—സഹായധനം, ശമ്പളേതരം

കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഭരണപരമായ ചെലവുകൾക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1.1435 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 6)

**സ്വീകരിച്ച നടപടി (ഇടക്കാല മറുപടി)**

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നടപ്പ് വർഷം നോൺ പ്ലാൻ ശീർഷകമായ 2216-80-103-99 (01)-36 ഗ്രാന്റ്-ഇൻ-എയിഡ് ആയി 85.65 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുകയിൽ നിന്നും 50,00,000 രൂപ ഒന്നാം ഗഡുവായി ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി റിലീസ് ചെയ്ത് സ.ഉ. (സാധാ.) നം. 65/2021/ഭവനം തീയതി 12-10-2021 പ്രകാരം ഉത്തരവായിരുന്നു. നിലവിലുള്ള ബജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ച ശേഷം അധിക തുക ആവശ്യമായി വരുന്ന പക്ഷം സമിതിയുടെ ശുപാർശപ്രകാരം അധികതുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നം. HSG-B2/88/2021-HSG തീയതി 4-1-2022)

**ശിപാർശ**

4216-01-106-98—നിർമ്മാണം

02—ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്കുള്ള ക്വാർട്ടേഴ്സ്

16—വൻകിട മരാമത്ത് പണികൾ (പ്ലാൻ)

ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സിലെ വൻകിട മരാമത്ത് പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 90.64 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 7)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ ആകെ ചെലവായത് 4,97,77,812 രൂപയാണ്. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

### ശിപാർശ

4216-01-106-98—നിർമ്മാണം

04—സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി

16—വൻകിട മരാമത്തു പണികൾ (പ്ലാൻ)

സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതിയിൽ വൻകിട മരാമത്തു പണികൾക്കായി ബഡ്ജറ്റിൽ തുക നീക്കി വയ്ക്കാത്തതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

### സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും ചെലവായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ പ്രകാരമുള്ള അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

### ശിപാർശ

4216-01-700-87—ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം (75% കേന്ദ്ര വിഹിതം)

ജഡ്ജിമാർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിനായി കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് ബഡ്ജറ്റിൽ വിഹിതം ഇല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

### സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 1,09,32,810 രൂപയാണ്. ടി തുക ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

4216-01-700-85—റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ്

റവന്യൂ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണത്തിന് കരാറുകാർക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള തുക കൊടുത്തു തീർക്കുന്നതിനായി ബഡ്ജറ്റിൽ വിഹിതം ഇല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2.65 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

**സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിലെ ആകെ ചെലവ് 1,59,35,516 രൂപയാണ്. ഈ ചെലവ് ധനപുനഃവിനിയോഗം വഴി കണ്ടെത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

**ശിപാർശ**

4216-80-201-96- കടകംപള്ളി റവന്യൂ ടവർ പദ്ധതി

കടകംപള്ളി റവന്യൂ ടവർ പദ്ധതി നിർമ്മാണം പൂർത്തീകരിച്ച വകയിൽ ബാക്കി നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

**സ്വീകരിച്ച നടപടി (ഇടക്കാല മറുപടി)**

കടകംപള്ളി റവന്യൂ ടവറിന് 5 കോടി രൂപ ചെലവ് ചെയ്ത് പദ്ധതി നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. 27-6-2019-ലെ സ.ഉ. (സാധാ.) നമ്പർ 16/2019/ഭവനം, 11-8-2020-ലെ സ.ഉ.(സാധാ.) നം.25/2020/ഭവനം, 19-11-2020-ലെ സ.ഉ. (സാധാ.) നം.44/2020/ഭവനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 1 കോടി രൂപ വീതം ആകെ 3 കോടി രൂപയും സ.ഉ.(സാധാ.) നം.68/2021/ഭവനം തീയതി 30-10-2021 പ്രകാരം 1,68,73,000 രൂപയും അനുവദിച്ച് ഉത്തരവായിരുന്നു.

(സർക്കാർ കത്ത് നം. HSG-B2/88/2021-HSG തീയതി 4-1-2022)

## ശിപാർശ

4216-80-201-94—**കോഴിക്കോട് സ്ഥിതിചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കും ഫ്ളാറ്റ്/ ക്വാർട്ടേഴ്സ്**

കോഴിക്കോട് സ്ഥിതിചെയ്യുന്ന കേരള ഹൗസിംഗ് ബോർഡ് ഉടമസ്ഥതയിലുള്ള വസ്തുവിൽ സർക്കാർ ഉദ്യോഗസ്ഥർക്കും മുതിർന്ന ഓഫീസർമാർക്കുമുള്ള ഫ്ളാറ്റ്/ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 12)

## സ്വീകരിച്ച നടപടി

2020-2021 സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 102 സെന്റ് ഭൂമിയിൽ 4 കോടി രൂപ ചെലവിൽ 1392.11 ച.മീ. വിസ്തീർണ്ണമുള്ള 12 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് 22-12-2020-ലെ സ.ഉ. (സാധാ.) നം. 52/2020/ഭവനം പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് ഭവന നിർമ്മാണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആസൂത്രണ ബോർഡിന്റെ ശിപാർശയ്ക്ക് അനുസൃതമായിട്ടാണ് ഓരോ പദ്ധതിക്കും ബഡ്ജറ്റ് വിഹിതം വകയിരുത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണ പുരോഗതിയുടെയും ബഡ്ജറ്റ് വിനിയോഗത്തിന്റെയും അടിസ്ഥാനത്തിൽ അധിക വിഹിതം ആവശ്യമായി വരുന്ന പക്ഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡ് സമർപ്പിക്കുന്ന ഉചിത ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(സർക്കാർ കത്ത് നം. HSG-B2/88/2021-HSG തീയതി 4-1-2022)

## ധനാഭ്യർത്ഥന നമ്പർ XXV

## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### ശിപാർശ

2225-04-001-99—നടത്തിപ്പ്

06—വാടക, കരം, നികുതി

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ യുവജനതയ്ക്കുള്ള പരിശീലന കേന്ദ്രങ്ങളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് വാടക നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 78.575 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 25)

### സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷം G.O. (Rt.) No.6170/2021 /Fin. Dated, 18-9-2021 ഉത്തരവ് പ്രകാരം 2225-04-001-99-06 ശീർഷകത്തിൽ 60.30 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. MW1/207/2021-GAD തീയതി 22-4-2022)

### ശിപാർശ

2225-04-102-91—കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

31—സഹായധനം-ശമ്പളം

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ., ശമ്പളപരിഷ്കരണം ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 91.39 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 26)

**സ്വീകരിച്ച നടപടി**

25-1-2022 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ.) നമ്പർ 349/2022/പൊ.ഭ.വ. പ്രകാരം 2225-04-102-91-31 ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുകയായ 38,40,000 രൂപ റിലീസ് ചെയ്ത് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ MW1/207/2021-GAD തീയതി 22-4-2022)

**ശിപാർശ**

2225-04-102-91 —കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

36—സഹായധനം - ശമ്പളേതരം

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നതിനും മെമ്പർമാർക്കുള്ള ഇന്ധന അലവൻസ് (കുടിശ്ശിക ഉൾപ്പെടെ) നൽകുന്നതിനും ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള ചെലവ് വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.0164 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 27)

**സ്വീകരിച്ച നടപടി**

കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയ കമ്മീഷന്റെ പല പ്രവർത്തനങ്ങളും പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ സാധിക്കാത്തതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നില്ല

(സർക്കാർ കത്ത് നമ്പർ MW1/207/2021-GAD തീയതി 22-4-2022)

**ശിപാർശ**

2225-04-277-91—സമർത്ഥരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

12—സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് പദ്ധതിയ്ക്കായി നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 8.293 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 28)

**സ്വീകരിച്ച നടപടി**

19-2-2022-ലെ G.O. (Rt.) No.1162/2022/Fin. ഉത്തരവ് പ്രകാരം 2225-04-277-91 ശീർഷകത്തിൽ 1,72,00,000 രൂപ അധിക ധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ MW1/207/2021-GAD തീയതി 22-4-2022)

**ശിപാർശ (പൊതുശിപാർശ)**

ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയം (പൊതുമരാമത്ത് വകുപ്പ്) ലഭ്യമാക്കിയ ധനാഭ്യർത്ഥനയിൽ അധിക തുക ആവശ്യപ്പെടുന്നതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഭാവിയിൽ ബഡ്ജറ്റ് വിഹിതത്തിന്മേൽ അധിക തുക ആവശ്യപ്പെടുന്നതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 45)

**സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശയനുസരിച്ച് 2022-23-ലെ ബഡ്ജറ്റ് വിഹിതത്തിന്മേൽ അധിക തുക ആവശ്യപ്പെട്ട് സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ച കുറിപ്പുകളിൽ അധിക തുക ആവശ്യപ്പെടുന്നതിനുള്ള വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഇ 3/466/2021/പൊ.മ.വ. തീയതി 21-6-2022)

<u>ഭാഗം -II</u>

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന | വകുപ്പ് | ശിപാർശകൾ/ഖണ്ഡികകൾ |
|---|---|---|
| XXI | ഭവനനിർമ്മാണം | 6, 11 |
| XXII | നഗരവികസനം | 13 മുതൽ 24 വരെ |
| XXXV | പഞ്ചായത്ത് | 29 മുതൽ 37 വരെ |
| XXXVI | ഗ്രാമവികസനം | 38 മുതൽ 43 വരെ |
| | | പൊതുശിപാർശ - 44 |

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന റിപ്പോർട്ട് അതത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാ സമ്മേളന കാലത്തോ സമിതി അദ്ധ്യക്ഷൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശിപാർശയിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാ സമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ആയതിനാൽ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഇനിയും നടപടിപത്രിക ലഭിക്കാത്ത ശിപാർശകളിന്മേൽ അടിയന്തരമായി നടപടി സ്വീകരിച്ച് ആ വിവരം (ഭാഗം II) ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസ്ത്തിനകമോ അടുത്ത സഭാ സമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുകൾ കാലതാമസപത്രിക സഹിതം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

എം. വി. ഗോവിന്ദൻ മാസ്റ്റർ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2022 ജൂൺ 30.